# ‘ആത്മാവ് എന്ന കാര്യസ്ഥൻ’

## റോമർ 8:26

“അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനിൽക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു”

“ആത്മാവ്” ദൈവം നമുക്കു നൽകിയ ദാനം. കർത്താവിനു നമ്മോടുള്ള സ്നേഹം വീണ്ടും വീണ്ടും ഉറപ്പിക്കുന്ന ഒരു ബന്ധം. യോഹന്നാൻ 14:16–17 ൽ ഇപ്രകാരം പറയുന്നു **“എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു.”** ഒരു ഭവനത്തിന്റെ കാര്യസ്ഥൻ എന്നു പറയുമ്പോൾ അവിടെ നടക്കുന്ന ഓരോ കാര്യങ്ങളിലും അതിന്റെ മുക്കിലും മൂലയിലും എല്ലാം ഒരേസമയം ഓടി എത്തുന്ന ആളായിരിക്കും. കൂടാതെ അതിൽ വസിക്കുന്നവരുടെ ചെറുതും വലുതുമായ ഓരോ കാര്യത്തിലും ഇടപെടാനും അതിന്നു വേണ്ടുന്ന ഉപദേശങ്ങളും മറ്റും നൽകുന്നതിന്നും വേണ്ടിവന്നാൽ തീരുമാനങ്ങൾ എടുക്കാനും അധികാരം ഉള്ള ആളും ആയിരിക്കും.

അതുപോലെ തന്നെയാണ് ദൈവം നമുക്ക് ആത്മാവിനെ നൽകിയിരിക്കുന്നത്. നമ്മുടെ കാര്യസ്ഥനായാണ് അവൻ നമുക്ക് ആത്മാവിനെ നിയമിച്ച് നൽകിയിരിക്കുന്നത്. അതിനാൽ നമ്മുടെ ജീവിതത്തിൽ നടക്കുന്ന ചെറുതും വലുതുമായ ഏതു കാര്യവും, നമ്മുടെ ഓരോ ചലനം പോലും നിയന്ത്രിക്കുവാൻ ആത്മാവിന്നു അധികാരം ഉണ്ട്. എന്നാൽ പലപ്പോഴും നാം അതു തിരിച്ചറിയുന്നില്ല. നമ്മുടെ ജീവിതത്തിൽ പല ഘട്ടങ്ങളിലും പല തീരുമാനങ്ങൾ എടുക്കുമ്പോഴും, മുന്നോട്ട് പോകേണ്ട പാതകൾ തെളിക്കുന്നതിന്നും, നാം ചെയ്യുന്നത് എന്തും ദൈവഹിതപ്രകാരമാണോ എന്നതുമെല്ലാം ആത്മാവ് നിയന്ത്രിക്കുന്നു. അതു കൊണ്ടാണ് മേൽ വചനത്തിൽ നാം കണ്ടത് “നമ്മുടെ ബലഹീനതെക്കു തുണനിൽക്കുന്നവനായ ആത്മാവ്”.

നാം ബലഹീനരാണെന്നും, നമുക്ക് തനിയെ ഒന്നും സാധ്യമല്ലെന്നും നമ്മുടെ ദൈവത്തിന്നു നന്നായറിയാം. നമ്മുടെ കർത്താവായ ക്രിസ്തു ഈ ലോകത്തിലായിരുന്നപ്പോൾ സാത്താൻ അവനെ എപ്രകാരമാണ് പരീക്ഷയിൽ അകപ്പെടുത്തിയതെന്ന് നാം വചനത്തിൽ വായിക്കുന്നു. അവ്വണ്ണം തന്നേ അവന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് അവനെ പിൻപറ്റുന്നവരായ ഓരോരുത്തരേയും സാത്താൻ എത്ര അധികം പരീക്ഷകളിൽ അകപ്പെടുത്തുമെന്ന് പ്രത്യേകം നാം ഓർമ്മിക്കണം. അവിടെ ഒരുപക്ഷെ നാം മനുഷ്യരാകയാൽ പെട്ടെന്നു വീഴ്ച സംഭവിക്കുമെന്ന് ദൈവത്തിന്നറിയാം. അതിനാലാണ് ഒരു കാര്യസ്ഥനായി അവന്റെ ആത്മാവിനെ നമ്മുടെ ഉള്ളിൽ അവൻ നിക്ഷേപിച്ചിരിക്കുന്നത്.

ചില സമയങ്ങളിൽ വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് നാം അറിയുന്നില്ല. ചിലപ്പോൾ നമുക്ക് ദു:ഖഭാരം കൂടുമ്പോൾ അല്ലെങ്കിൽ അതിയായ സന്തോഷം ഉണ്ടാകുമ്പോൾ അതുമല്ലെങ്കിൽ പല പ്രതിസന്ധികളുടെയും പ്രതികൂലങ്ങളുടെയും മദ്ധ്യത്തിൽ നമുക്ക് ദൈവത്തോട് എപ്രകാരം പ്രാർത്ഥിക്കണമെന്നും അവനോട് എപ്രകാരം സംസാരിക്കണമെന്നും നാം അറിയാതെ പോകുന്നു. അവിടെ നമ്മെ ഉച്ചരിച്ചുകൂടാത്ത, എന്നുപറഞ്ഞാൽ നാം പോലും അറിയാതെ തന്നെ നമ്മുടെ കാര്യങ്ങൾ ദൈവത്തോട് അറിയിക്കുവാനും അപേക്ഷിക്കുവാനും ആത്മാവ് നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. ഇവിടെയാണ് ആത്മാവ് നമ്മുടെ കാര്യസ്ഥൻ എന്നുള്ള കാര്യം നാം തിരിച്ചറിയേണ്ടത്. ആയതിനാൽ ഈ കാര്യസ്ഥൻ നമ്മുടെ ഉള്ളിൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നുണ്ട് എന്ന ബോധ്യം നാം വെടിയാതെ അതിനെ അനുനിമിഷം പോഷിപ്പിക്കേണ്ടത് അവശ്യമായിരിക്കുന്നു. അല്ലാത്തപക്ഷം നമ്മുടെ ഹൃദയഭാരം കൂടുന്നതനുസരിച്ച് ആത്മഭാരം വർദ്ധിക്കുകയും ആത്മാവിന്നു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നതിന്നു കഴിയാതെ വരികയും ചെയ്യുന്നു. ദൈവവചന വായനയിലൂടെയും, നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കുന്നതിലൂടെയും, കൂട്ടായ്മ ആചരിക്കുന്നതിലൂടെയും, സുവിശേഷവേലയിലൂടെയുമെല്ലാം ആത്മാവിനെ നിരന്തരം ജ്വലിപ്പിച്ചുനിർത്താൻ നമുക്ക് സാധിക്കും.

ആത്മാവ് എന്ന കാര്യസ്ഥനെ നമ്മുടെ ജീവിതത്തിൽ അച്ചാരമായി ദൈവം നൽകിയിരിക്കുമ്പോൾ ആ നല്ല ദാനത്തെ നമ്മുടെ ജീവിതത്തിൽ നമ്മുടെ കർത്താവിന്റെ വരവു വരെയും കാത്തുസൂക്ഷിക്കുവാനും ആത്മാവിന്റെ നിയന്ത്രണത്തിൽ ആയിരിപ്പാനും ദൈവത്തിന്റെ ശക്തി എന്നും നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
യെശെയ്യാവ് 40:28-31

“നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നൽകുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും; യൗവനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും.”

ബ്രദർ. ബിനു ബേബി ആലപ്പുഴ 087